# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ – 57** **28.05.2019–ന് മറുപടി നൽകേണ്ടിയിരുന്നത്**

## സംസ്ഥാനത്തെ പോളിംഗ് ബൂത്തുകളിൽ റീപോളിംഗ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. മമ്മൂട്ടി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) എറണാകുളം പാർലമെന്റ് മണ്ഡലത്തിലെ 83–ാം നമ്പർ ബൂത്തിൽ പോളിംഗ് നടന്നിരുന്നോ; എങ്കിൽ അവിടെ പ്രധാന രാഷ്ട്രീയ കക്ഷികൾ ആവശ്യപ്പെട്ട് റീപോളിംഗ് നടത്തേണ്ടിവന്ന സാഹചര്യത്തിന് ഉത്തരവാദിയായവർ ആരെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) എറണാകുളം ലോക് സഭാ മണ്ഡലത്തിലെ കളമശ്ശേരി നിയമസഭാ മണ്ഡലത്തിൽ ഉൾപ്പെട്ട 83–ാം നമ്പർ പോളിംഗ് ബൂത്തിൽ പ്രധാന രാഷ്ട്രീയ കക്ഷികൾ ആവശ്യപ്പെട്ട പ്രകാരം റീപോളിംഗ് നടത്തേണ്ടി വന്നത് സംബന്ധിച്ച് അന്വേഷണം നടത്താൻ ഇലക്ഷൻ കമ്മീഷൻ ഉത്തരവിട്ടിട്ടില്ല . അതിനാൽ ഉത്തരവാദികളാരെന്ന് നിർണ്ണയിച്ചിട്ടില്ലെന്ന് ചീഫ് ഇലക്ഷൻ കമ്മീഷൻ അറിയിച്ചിട്ടുണ്ട്. |
| ബി) ഇത്തരത്തിൽ സംസ്ഥാനത്തെ ഏതെല്ലാം പോളിംഗ് ബൂത്തുകളിൽ റീപോളിംഗ് ആവശ്യമായി വന്നുവെന്ന് വ്യക്തമാക്കുമോ; റീപോളിംഗ് നടത്തുമ്പോൾ ഇത് സംബന്ധമായി എന്തെങ്കിലും ആവർത്തന ചെലവ് ഉണ്ടാകുന്നുണ്ടോ/ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വിശദമാക്കുമോ ; | (ബി) കളമശ്ശേരി നിയമസഭാ മണ്ഡലത്തിലെ 83–ാം നമ്പർ പോളിംഗ് ബൂത്തിനുപുറമെ കാസർഗോഡ് ലോക് സഭാ മണ്ഡലത്തിലെ കല്ല്യാശ്ശേരി നിയമസഭാ നിയോജക മണ്ഡലത്തിലെ 19, 69, 70 നമ്പർ പോളിംഗ് ബൂത്തുകളിലും, തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിലെ 48–ാം നമ്പർ പോളിംഗ് ബൂത്തിലും കണ്ണൂർ ലോക് സഭാ മണ്ഡലത്തിലെ തളിപ്പറമ്പ് നിയമസഭാ നിയോജക മണ്ഡലത്തിലെ 166–ാം നമ്പർ ബൂത്തിലും, ധർമ്മടം നിയമസഭാ നിയോജക മണ്ഡലത്തിലെ 52, 53 നമ്പർ |

ബൂത്തുകളിലുമായി സംസ്ഥാനത്ത് ആകെ എട്ട് ബൂത്തുകളിൽ റീപോളിംഗ് നടത്തിയിട്ടുണ്ട്. റീപോളിംഗ് ചെലവ് സംബന്ധിച്ച് അന്തിമ കണക്കെടുപ്പ് നടത്തുമ്പോൾ മാത്രമേ ആവർത്തന ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാകുക യുള്ളൂ.

സി) റീപോളിംഗ് നടത്തേണ്ടി വന്നതിന്റെ പേരിൽ സ്ഥലത്തെ വോട്ടർമാർക്ക് എന്തെങ്കിലും രീതിയിൽ ബുദ്ധിമുട്ട് നേരിട്ടിട്ടുണ്ടോ; എങ്കിൽ ഏത് വിധത്തിലെന്ന് വ്യക്തമാക്കാമോ;

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഡി) റീപോളിംഗ് നടത്തേണ്ടിവന്നതിന്റെ യഥാർത്ഥ ഉത്തരവാദികൾ ആരാണെന്നും അവർക്കെതിരെ അധികാരപ്പെട്ട തിരഞ്ഞെടുപ്പ് കമ്മീഷൻ എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോയെന്നുമുള്ള വിശദമായ വിവരം ലഭ്യമാക്കുമോ; ഇത്തരം റീപോളിംങ് സാഹചര്യം ഉദ്യോഗസ്ഥർ കാരണമായിട്ടാണെങ്കിൽ അതാവർത്തിക്കാതിരിക്കാൻ മാതൃകാപരമായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; മുൻകരുതൽ സ്വീകരിക്കുമോ?

(ഡി) ആൾമാറാട്ടം നിമിത്തം റീപോളിംഗ് നടന്നത് സംബന്ധിച്ച് പോലീസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ഉത്തരവാദികളെ കണ്ടെത്തുവാൻ സാധിക്കുകയുള്ളൂ. ഉദ്യോഗസ്ഥതലത്തിൽ മനഃപൂർവ്വമായി വീഴ്ച വരുത്തിയെന്ന് കണ്ടെത്തിയാൽ അവർക്കെതിരെ ഉചിതമായി നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ